## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2321 — 05.12.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിയമസഭ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; 14 ജില്ലകളിലും ഡെപ്യൂട്ടേഷൻ തസ്തികകൾ തുല്യമായി വിന്യസിക്കുമോ; അതോ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മാത്രമായി പരിമിതപ്പെടുത്തുമോ; | (എ) | സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരുന്നു. |
| (ബി) | സപ്ലൈകോയിൽ കോർപ്പറേഷൻ ജീവനക്കാരുടെ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I എന്നീ തസ്തികകളിൽ 2019 മാർച്ച് 31-ന് വരെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ചുമതല ഫാർമസിസ്റ്റുകളെ ഏൽപ്പിച്ചതിലൂടെ ഒഴിവുവന്ന 108 തസ്തികകൾ ഡെപ്യൂട്ടേഷൻ തസ്തികയിൽ നിന്ന് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | മെഡിക്കൽ സ്റ്റോറുകളുടെ ചുമതല വഹിച്ചിരുന്ന ഡെപ്യൂട്ടേഷൻ/കോർപ്പറേഷൻ ജീവനക്കാരെ ജീവനക്കാർ ആവശ്യമുള്ള ഡിപ്പോ/ഔട്ട് ലെറ്റുകളിൽ പുനർവിന്യസിച്ചിട്ടുണ്ട്. |
| (ഡി) | സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ എന്ന് മുതൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ; സപ്ലൈകോയിൽ സ്റ്റാഫ് | (ഡി) | സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | പാറ്റേൺ വിശദമാക്കുന്ന പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | | |
| (ഇ) | സപ്ലൈകോയിൽ നിലവിലുള്ള ജൂനിയർ അസ്സിസ്റ്റന്റ് പ്രമോഷൻ ലിസ്റ്റിൽ നിന്നും എത്രപേർക്ക് പ്രമോഷൻ ലഭിച്ചിട്ടുണ്ട്; അവശേഷിക്കുന്ന എത്രപേർ ലിസ്റ്റിലുണ്ട്; | (ഇ) | അസിസ്റ്റൻറ് സെയിൽസ്മാൻ തസ്തികയിൽ നിന്നും ജൂനിയർ അസിസ്റ്റൻറ് തസ്തികയിലേക്ക് by transfer നിയമനം നൽകുന്നതിനുള്ള സീനിയോരിറ്റി നമ്പർ.522 വരെയുള്ള അർഹരായവർക്ക് by transfer നിയമനം നൽകിയിട്ടുണ്ട്. ലിസ്റ്റിൽ 187 പേർ അവശേഷിക്കുന്നു. |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (എഫ്) | സീനിയർ അസിസ്റ്റൻറ്-I -40 ഡെപ്യൂട്ടേഷൻ തസ്തികകളും ;<br>സീനിയർ അസിസ്റ്റൻറ്-I - 20 തസ്തികകളും ;<br>സീനിയർ അസിസ്റ്റൻറ്-II – 20 തസ്തികകളും<br>ജൂനിയർ അസിസ്റ്റൻറ് – 85 തസ്തികകളും സപ്ലൈകോയിൽ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ജൂനിയർ അസിസ്റ്റൻറ് | സീനിയർ അസിസ്റ്റൻറ്- II | സീനിയർ അസിസ്റ്റൻറ്-I |
|---|---|---|---|
| തിരുവനന്തപുരം | 3 | 1 | 2 |
| കൊല്ലം | 5 | 0 | 0 |
| പത്തനംതിട്ട | 0 | 0 | 0 |
| ആലപ്പുഴ | 0 | 0 | 0 |
| ഇടുക്കി | 1 | 0 | 1 |
| കോട്ടയം | 2 | 0 | 0 |
| എറണാകുളം | 5 | 0 | 0 |
| തൃശ്ശൂർ | 1 | 0 | 2 |
| പാലക്കാട് | 1 | 0 | 0 |
| കോഴിക്കോട് | 9 | 0 | 0 |
| മലപ്പുറം | 2 | 0 | 0 |
| വയനാട് | 1 | 0 | 0 |
| കണ്ണൂർ | 1 | 0 | 1 |
| കാസർഗോഡ് | 0 | 0 | 1 |
| ഹെഡ് ഓഫീസ് | 2 | 1 | 0 |
| എൻ.എഫ്.എസ്.എ | 0 | 0 | 20** |
| ആകെ | 33 | 1 | 27 |

** NFSA യുമായി ബന്ധപ്പെട്ട് പുതിയ 20 സീനിയർ അസിസ്റ്റൻറ്-I തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ